**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1715** **04-02-2026 - ൽ മറുപടിയ്ക്ക്**

**രാസവളക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ രൂക്ഷമായ രാസവളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **കേന്ദ്ര രാസവളമന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ഫെർട്ടിലൈസറുമായി ബന്ധപ്പെട്ട് വളങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുകയും കേന്ദ്ര രാസവളമന്ത്രാലയത്തിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഫെർട്ടിലൈസർ വളങ്ങളുടെ ലഭ്യത വിലയിരുത്തുന്നതിനായി എല്ലാ ചൊവ്വാഴ്ചയും നടത്തുന്ന അവലോകനയോഗങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്ത് പരിഹാരം കാണുകയും, കത്ത് മുഖേനയും വളങ്ങളുടെ ലഭ്യതക്കുറവ് അറിയിക്കുകയും, ലഭ്യത കുറവ് പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണ്. വളം ലഭ്യതയിൽ പരാതികൾ ഉണ്ടായ സമയത്ത് കൃഷി വകുപ്പ് മന്ത്രി, ബഹു. കേന്ദ്ര രാസവള മന്ത്രിയുമായി വളത്തിന്റെ ക്ഷാമത്തെക്കുറിച്ച് ആശയവിനിമയം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വളം ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | രാസവളത്തിന് കേന്ദ്രസർക്കാർ നൽകുന്ന സബ്സിഡിയിൽ കുറവ് വരുത്തിയത് കർഷകരെ ദോഷകരമായി ബാധിക്കാതിരിക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക സബ്സിഡി നൽകുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ